**പതിനാലാം കേരള നിയമസഭ**

**രണ്ടാം സമ്മേളനം**

**ചോദ്യം നമ്പർ. 3992** **21.10.2016 ൽ മറുപടിക്ക്**

**<u>തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ പൊതു സർവ്വീസ്</u>**

| **<u>ചോദ്യം</u>** | **<u>ഉത്തരം</u>** |
|---|---|
| **ശ്രീ. മോൻസ് ജോസഫ്** | **ഡോ. കെ.റ്റി. ജലീൽ**<br>**(ബഹു. തദ്ദേശ സ്വയംഭരണവും ന്യൂനപക്ഷ ക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പ് മന്ത്രി)** |
| (എ) സംസ്ഥാനത്ത് പുതുതായി രൂപീകരിച്ച നഗരസഭകൾക്ക് ആവശ്യമായ തസ്തികകൾ സൃഷ്ടിച്ചത് നടപ്പിൽ വരുത്തിയിട്ടുണ്ടോ; ഇവയോടനുബന്ധിച്ച് എത്ര പോസ്റ്റുകൾ നിലവിൽ വന്നു; ഇവയുടെ പ്രമോഷൻ പോസ്റ്റുകൾ നികത്തിയിട്ടുണ്ടോ; ഇല്ലെങ്കിൽ കാരണം വ്യക്തമാക്കാമോ? | (എ) ഉണ്ട്. ഇവയോടനുബന്ധിച്ച് 1317 പോസ്റ്റുകൾ നിലവിൽ വന്നു. എല്ലാ തസ്തികകളുടെയും പ്രമോഷൻ പോസ്റ്റുകൾ നികത്തിയിട്ടില്ല. സൃഷ്ടിച്ച തസ്തികകൾ നടപ്പിൽ വരുത്തുന്നതിനും പ്രമോഷൻ പോസ്റ്റുകൾ നികത്തുന്നതിനുമാവശ്യമായ നടപടികൾ സ്വീകരിച്ചു വരുന്നു. |
| (ബി) പുതുതായി രൂപീകരിച്ച നഗരസഭകളിൽ ഇപ്പോൾ ജോലി ചെയ്യുന്ന പഞ്ചായത്ത് ജീവനക്കാരെ അവരവരുടെ മാതൃവകുപ്പുകളിൽ തിരികെ അയയ്ക്കുമോ; ഇതു സംബന്ധിച്ച് ഉണ്ടായിരിക്കുന്ന അവ്യക്തത പരിഹരിക്കുന്നതിന് നടപടി സ്വീകരിക്കുമോ; | **(ബി) & (സി)** നടപടി സ്വീകരിച്ചുവരുന്നു. |

(സി) നഗരസഭാ ജീവനക്കാരെ പുതുതായി രൂപീകൃതമായ നഗരസഭകളിൽ എന്നേക്ക് വിന്യസിക്കും എന്നറിയിക്കാമോ;

(ഡി) തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ പൊതു സർവ്വീസ് എന്ന ആശയം അംഗീകരിച്ചിട്ടുണ്ടോ; ആയതിന്റെ പുരോഗതി വ്യക്തമാക്കാമോ; ഇതു സംബന്ധിച്ചുണ്ടായിട്ടുള്ള കാലതാമസം എന്തെന്ന് അറിയിക്കാമോ; പൊതു സർവ്വീസ് എന്നേക്ക് നിലവിൽ വരും എന്നറിയിക്കാമോ?

(ഡി) ഉണ്ട്. പൊതു സർവ്വീസ് നിലവിൽ വരുമ്പോൾ വിവിധ വിഭാഗം ജീവനക്കാർക്ക് ഉണ്ടാകാൻ സാദ്ധ്യതയുള്ള പ്രായോഗിക പ്രശ്നങ്ങൾ, ഓരോ വിഭാഗത്തേയും എങ്ങനെ ബാധിക്കും തുടങ്ങിയ കാര്യങ്ങൾ പരിഗണിച്ച്, സർവ്വീസ് സംഘടനാ പ്രതിനിധികളുമായി കൂടിയാലോചിച്ച്, അനോമലി പരമാവധി ഒഴിവാക്കിക്കൊണ്ടുള്ള കരട് സ്പെഷ്യൽ റൂൾ തയ്യാറാക്കുന്നതിനുള്ള നടപടി ആരംഭിച്ചു.

**സെക്ഷൻ ഓഫീസർ**